2008, ഖുത്ബ നമ്പര്‍- 16

بسم الله الرحمن الرحيم

18.4.2008
ബാഗെ അഹ്മദ്, ഘാന

# ആരാധനാ കര്‍മ്മങ്ങളിലൂടെ അല്ലാഹുവിനെ കണ്ടെത്തുക

**ജ**ല്‍സാസാലാനയുടെ ഉദ്ഘാടന പ്രസംഗത്തില്‍ ഇന്നലെ ഞാന്‍ ആരാധനാകര്‍മ്മങ്ങളെക്കുറിച്ച് പറഞ്ഞിരുന്നു. ഒരു മുസ്ലിമിന് നിത്യവും അഞ്ചുനേര നമസ്കാരമാണ് ആരാധനയുടെ ഏറ്റവും ഉത്തമ മാര്‍ഗ്ഗമായി അല്ലാഹു നിര്‍ദ്ദേശിച്ചിട്ടുള്ളത്. ഇതുസംബന്ധമായി വിശുദ്ധഖുര്‍ആനില്‍ അല്ലാഹു നിരവധി സ്ഥലങ്ങളില്‍ കല്പന നല്‍കിയിട്ടുണ്ട്. എന്നല്ല, വിശുദ്ധഖുര്‍ആന്റെ ആരംഭത്തില്‍ത്തന്നെ അല്ലാഹുവില്‍ വിശ്വസിച്ചശേഷം ഒരു മുസല്‍മാന്‍ പതിവായി നമസ്കാരത്തിന്റെ കടമകള്‍ നിറവേറ്റുന്നവനായിരിക്കുമെന്നത് അവന്റെ അടയാളമായി പറഞ്ഞിരിക്കുന്നു. നമസ്കാരത്തിന്റെ കടമ നിറവേറ്റുക എന്നാല്‍ എന്താണ്? നമസ്കാരത്തിന്റെ കടമ എന്നു പറയുന്നത്, അതിന്റെ നിശ്ചിത സമയങ്ങളില്‍ അത് നിറവേറ്റുകയും, പള്ളിയിലോ സെന്ററിലോ പോയി ജമാഅത്തോടുകൂടി അതനുഷ്ഠിക്കുകയും ചെയ്യുക എന്നതാണ്. ഏതെങ്കിലും ഭൗതിക ജോലി കാരണത്താല്‍ നമസ്കാരം ജംആക്കാന്‍ ശ്രമിക്കരുത്. ശരീഅത്തുപരമായ തടസ്സങ്ങളൊന്നുമില്ലെങ്കില്‍ വീട്ടില്‍ പതിവായി സ്ത്രീകളും നമസ്കരിക്കണം. സ്ത്രീകള്‍ക്കും നമസ്കാരം മാപ്പാക്കിയിട്ടില്ല. അതിനാല്‍, ഒരു മുസ്ലിം യഥാര്‍ത്ഥ മുഅ്മിന്‍ എന്നു പറയപ്പെടുന്നതിന് നമസ്കാരം അങ്ങേയറ്റം പ്രധാനപ്പെട്ട ഒരു അടിസ്ഥാന കാര്യമാണ്. ഒരു ഹദീഥില്‍ നമസ്കാരം ആരാധനയുടെ മജ്ജയാണെന്ന് വന്നിരിക്കുന്നു. അതുകൊണ്ട് ആ മജ്ജയെ കരസ്ഥമാക്കേണ്ടത് ഒരു മുഅ്മിന്റെ അടിസ്ഥാന ഉദ്ദേശ്യമായിരിക്കണം. ഈ ജല്‍സാ ദിനങ്ങളില്‍ നമസ്കാരത്തില്‍ എല്ലാവരും സൂക്ഷ്മത പാലിക്കുന്നതായി ഞാന്‍ കാണുന്നു. പുരുഷന്മാരും സ്ത്രീകളും ആണ്‍കുട്ടികളും പെണ്‍കുട്ടികളും എല്ലാവരും നമസ്കാരത്തിനായി അധികമായി പങ്കെടുക്കുന്നു. ഈ പരിശീലന കേന്ദ്രത്തില്‍നിന്ന് നിങ്ങളില്‍ പതിക്കുന്ന ഈ ശീലം തുടര്‍ന്നുകൊണ്ടേ പോകേണ്ടതാണ്. വീട്ടില്‍ തിരിച്ചെത്തിയാല്‍ ഇവിടെ പഠിച്ചതും നമസ്കാരാനുഷ്ഠാന കര്‍മ്മത്തില്‍ ശ്രദ്ധിച്ചതുമെല്ലാം മറന്നുപോകുന്ന ഒരവസ്ഥ ഉണ്ടാകരുത്. കുടുംബ കാര്യങ്ങളിലും കച്ചവടങ്ങളിലും കായികവിനോദങ്ങളിലും മുഴുകി നിങ്ങളുടെ സൃഷ്ടിയുദ്ദേശ്യം ഒരിക്കലും മറന്നുപോകരുത്. ഞാനിന്നലെ പറഞ്ഞതുപോലെ, മനുഷ്യന്‍ ഈ ലോകത്ത് വന്നതിന്റെ ഉദ്ദേശ്യം ഇതുതന്നെയാണെന്ന് അല്ലാഹു വിശുദ്ധഖുര്‍ആനിലൂടെ നമ്മോട് പറഞ്ഞിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം തന്റെ വരവിന്റെ വലിയ ഉദ്ദേശ്യമായി പറഞ്ഞത് മനുഷ്യനും അല്ലാഹുവും തമ്മില്‍ ഒരു സജീവ ബന്ധം സ്ഥാപിക്കുക എന്നതാണ്. അതിനാല്‍, ഓരോ അഹ്മദിയും പതിവായിട്ട് നമസ്കരിക്കുന്നവരായിരിക്കണം; അങ്ങനെതന്നെയാണ് വേണ്ടതും. അത് ഭാരമിറക്കിവയ്ക്കുന്ന രീതിയിലുള്ള നമസ്കാരമാകരുത്. മറിച്ച്, ഒരു നിര്‍ബന്ധകടമയാണെന്ന് മനസ്സിലാക്കി അത് നിര്‍വ്വഹിക്കണം. ഇത് ഇല്ലാതെ ജീവിതം വ്യര്‍ത്ഥമാണ്. മുഴുലോകത്തേയും അഹ്മദിയ്യത്തിന്റെ മടിത്തട്ടിലേക്ക് കൊണ്ടുവരുമെന്നതാണ് നമ്മുടെ വാദം. അതുകൊണ്ട് അഹ്മദിയ്യത്ത് എന്താണെന്ന് നമ്മള്‍ അറിഞ്ഞിരിക്കണമെന്ന കാര്യം എപ്പോഴും ഓര്‍ക്കുക.

അഹ്മദിയ്യത്ത്, യഥാര്‍ത്ഥത്തില്‍ വിശുദ്ധഖുര്‍ആന്റെ പാഠമനുസരിച്ച് ഏകനും തനിച്ചുള്ളവനുമായ അല്ലാഹുവിന്റെ ഭരണം ലോകരുടെ ഹൃദയങ്ങളില്‍ സ്ഥാപിക്കുക എന്നതാണ്. അല്ലാഹുവിന്റെ ഭരണം ജനഹൃദയങ്ങളില്‍ സ്ഥാപിതമാകുന്നത് അല്ലാഹുവിന്റെ അസ്തിത്വം ആകാശത്തും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെക്കാളും ഉന്നതമാണെന്ന് മനസ്സിലാക്കുമ്പോഴാണ്. അവന്റെ അസ്തിത്വം എല്ലാത്തിനേക്കാളും ഉന്നതമാണെന്ന മനസ്സിലാക്കിക്കൊണ്ട് യഥാര്‍ത്ഥമായ നിലയില്‍ അവന്‍ പറഞ്ഞ രീതിയനുസരിച്ച് അവനെ ആരാധിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം നാം നമ്മുടെ ഉള്ളില്‍ ഒരു വിപ്ലവമുണ്ടാക്കിക്കൊണ്ട് നമ്മുടെ ബന്ധം ആ സജീവനും എപ്പോഴും നിലനില്ക്കുന്നവനുമായ അല്ലാഹുവുമായിട്ട് യോജിപ്പിക്കുന്നില്ലെങ്കില്‍ നമ്മുടെ പ്രസ്തുത വാദം നിരര്‍ത്ഥകമാണ്. നാം നമ്മുടെ പ്രബോധനത്തെ ഓരോ വ്യക്തിക്കും എത്തിച്ചുകൊടുത്തുകൊണ്ട് അവരെ അല്ലാഹുവിന്റെ അടുത്ത് കൊണ്ടുവരും എന്ന നമ്മുടെ വാദം തെറ്റായിരിക്കും. ഇക്കാലഘട്ടത്തില്‍ മസീഹ് മൗഊദ് വരേണ്ട ആവശ്യമെന്തായിരുന്നു? കാരണം, ലോകം ദൈവത്തെ മറന്നുപോയിരുന്നു. നബി(സ)യുടെ പ്രവചനപ്രകാരം വിശുദ്ധഖുര്‍ആന്റെ അധ്യാപനത്തിന് തിളക്കവും വിളക്കവുമുണ്ടായിരുന്നിട്ടും അത് മങ്ങിപ്പോയിരുന്നു. നോക്കുക നൂറുക്കണക്കിന് മില്യണ്‍ മുസ്ലിമീങ്ങള്‍ ലോകത്തുണ്ട്. പല മുസ്ലിം രാഷ്ട്രങ്ങളും എണ്ണ

സമ്പത്തുകൊണ്ട് ധന്യമാണ്. കണക്കില്ലാത്ത സമ്പത്ത് അവരുടെ കൈകളിലുണ്ട്. പക്ഷേ, ലോകത്തെ മുഴുവനും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടുവിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവരാണ് തങ്ങളെന്ന വാദം അവർക്കില്ല. എന്നാൽ, കൊന്നൊടുക്കിയും വാൾ വീശിയും ദീൻ പരത്തുന്ന ഒരു മസീഹിനെ അവർ തീർച്ചയായും കാത്തിരിപ്പുണ്ട്. അങ്ങനെയൊരാൾ ഒരിക്കലും വരികയില്ല എന്നതത്രെ സത്യം.

നിങ്ങൾ ചെറിയൊരു ജമാഅത്താണ്. പക്ഷേ, നിങ്ങളുടെ തീരുമാനം ഇസ്ലാമിനെ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുക എന്നതാണ്. ഇവിടെ വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലെ പ്രതിനിധികൾ സന്നിഹിതരായിട്ടുണ്ട്. ബുർക്കിനോഫാസോ, ഐവറികോസ്റ്റ്, ലൈബിരിയ, ഗാംബിയ, ഗിനി കൊന്നാഗിരി, കാംഗോ തുടങ്ങി രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ എത്തിയിരിക്കുന്നു. ഈ ഒരു രാജ്യത്തിനും തങ്ങൾ ഇത്ര കഴിവുള്ളവരാണെന്നോ ഇത്ര സമ്പത്തുള്ളവരാണെന്നോ ഈ മാർഗ്ഗങ്ങൾ മുഖേന ഇസ്ലാമിന്റെ പതാക ലോകത്ത് നാട്ടുമെന്നോ വിളംബരം ചെയ്യാൻ സാധിക്കുകയില്ല. എന്നാൽ, എല്ലാ നബിമാരേയും അയക്കുന്ന ആ ശക്തനായ അല്ലാഹു നമ്മോടൊപ്പമുണ്ട്. അവന്റെ സഹായവും നമ്മോടൊപ്പമുണ്ട്. അവൻ ആകാശത്തിന്റേയും ഭൂമിയുടേയും ഉടമസ്ഥനാണ്. അവൻ എല്ലാ നബിമാരേയും, അതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും നബി(സ)യുടെ ശിഷ്യനായിക്കൊണ്ട് അയച്ചിരിക്കുന്നു. ഇസ്ലാമിന്റെ ഏതൊരു മനോഹരമായ അധ്യാപനത്തെയാണോ മുസ്ലിംകൾ മറന്നുപോയിരുന്നത് അതിനെ യഥാർത്ഥനിലയിൽ ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കാൻ അല്ലാഹു അദ്ദേഹത്തെ ചുമതലപ്പെടുത്തിയിരിക്കുന്നു; ഇസ്ലാമിന്റെ മനോഹരമായ അധ്യാപനത്തിൽനിന്നും ലോകജനത പ്രയോജനമെടുക്കുന്നതിനും ഏകനും തനിച്ചുള്ളവനുമായ ദൈവത്തെ ആരാധിക്കുന്നവരായിത്തീരുന്നതിനും വേണ്ടിയാണിത്. അതുകൊണ്ട് ഇത്രവലിയ വാദത്തോടുകൂടി എഴുന്നേറ്റുനില്ക്കുന്ന അഹ്മദികളായ നമ്മളുടെ ഒന്നാമത്തെ നിർബന്ധ കടമ ആ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരായിത്തീരുക എന്നതാണ്. അവനോട് പ്രാർത്ഥിക്കുക, പ്രാർത്ഥിക്കുന്നതിനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം നമസ്കാരമാണ്. ഈ നമസ്കാരങ്ങളും ദുആകളും തന്നെയാണ് നമ്മെ വിജയത്തിനോടടുപ്പിക്കുന്നത്. ഇല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ ലോകത്തെ ജയിച്ചടക്കുമെന്ന് പറയാൻ നമ്മുടെ കൈയിൽ ഭൗതികമായി നോക്കിയാൽ ഒന്നും തന്നെയില്ല. ദീൻ ഒരിക്കലും സമ്പത്തുകൊണ്ടും ശക്തികൊണ്ടും ലോകത്ത് പ്രചരിച്ചിട്ടില്ല. ഇസ്ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവർ പറയുന്നത്, ഇസ്ലാം നഊദുബില്ലാഹ് വാൾ കൊണ്ട് വ്യാപിച്ച മതമാണെന്നാണ്. ഇത് തികച്ചും തെറ്റും കളവ് നിറഞ്ഞതുമായ ആക്ഷേപമാണ്. ഉഹുദുയുദ്ധത്തിലും ബദ്ർ യുദ്ധത്തിലും അഹ്സാബ് യുദ്ധത്തിലും ഏത് ഭൗതികശക്തിയാണ് സഹായിച്ചത്? യുദ്ധം ചെയ്യാനുള്ള ആയുധങ്ങൾപോലും പൂർണ്ണമായിട്ടുണ്ടായിരുന്നില്ല. ആഹാരസാധനങ്ങൾപോലും ഉണ്ടായിരുന്നില്ല. പക്ഷേ, വിജയം നല്കിയ ആ ശക്തി നബി(സ)യുടെ പ്രാർത്ഥനകളായിരുന്നു. നബി(സ) ചെയ്ത ആ പ്രാർത്ഥനകളെല്ലാം അല്ലാഹു സ്വീകരിക്കുകയും വിജയം നൽകി അനുഗ്രഹിക്കുകയും ചെയ്തു. പിന്നീട് നബി(സ)യുടെ പവിത്രമായ ശക്തികൊണ്ട് സ്വാഹാബാക്കൾക്ക് അല്ലാഹുവുമായിട്ടുണ്ടായിരുന്ന ബന്ധമായിരുന്നു അവരുടെ ഈമാനെ ശക്തിപ്പെടുത്തിയത്. അല്ലാഹുവിൽ അലിഞ്ഞുചേർന്ന ഒരാളുടെ പ്രാർത്ഥനകളാണ് ലോകത്ത് ഒരു വമ്പിച്ച വിപ്ലവം സൃഷ്ടിച്ചത്. ഈ ജീവിതമാതൃക നബി(സ) നമ്മുടെ മുമ്പിൽ സ്ഥാപിച്ചു; അതായത്, ഇസ്ലാമിന്റെ വിജയം ഏതെങ്കിലും തരത്തിലുള്ള ഭൗതികശക്തി കൊണ്ടല്ല മറിച്ച്, പ്രാർത്ഥനകളിലൂടെയാണ് ഉണ്ടാകേണ്ടത്. ശക്തി കൊണ്ട് രാജ്യത്തെ കീഴടക്കാൻ കഴിയും. എന്നാൽ, ഹൃദയം കീഴടക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ നാട്ടുകാരുടെ ഹൃദയത്തെ ജയിച്ചടക്കേണ്ടവരാണ്; അവരെ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കേണ്ടതിനുവേണ്ടി. ഇതിനായി ഏറ്റവും ആദ്യം നിങ്ങൾ നിങ്ങളെ അതിന്നർഹരാക്കിത്തീർക്കേണ്ടിവരും. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ നമസ്കാരങ്ങളേയും ആരാധനാകർമ്മങ്ങളേയും കാത്തുസൂക്ഷിക്കുക. ഈ വർഷം ഖിലാഫത്തിന് നൂറു വർഷം തികയുന്നതുകൊണ്ട് ജമാഅത്ത്, ജൂബിലി ആഘോഷിക്കുകയാണ്. എന്താണ് ഈ ജൂബിലി? ജൂബിലിയുടെ ജൽസ ചേരുന്നു, അല്ലെങ്കിൽ ശാഖാ സംഘടനകൾ അവരുടെ പരിപാടികൾ ആസൂത്രണം ചെയ്യുന്നു, അല്ലെങ്കിൽ സുവനീറുകൾ ഇറക്കുന്നു തുടങ്ങിയവയിലാണോ നമുക്ക് സന്തോഷമുള്ളത്. ഇതൊരു ചെറിയ പ്രകടനമാണ്. യഥാർത്ഥ ഉദ്ദേശ്യം നമ്മൾ കരസ്ഥമാക്കുന്നത് ഈ നൂറുവർഷം തികയുന്ന അവസരത്തിൽ ഖിലാഫത്തിന്റെ രൂപത്തിൽ അല്ലാഹു നമ്മളിൽ ഇറക്കിയ ആ അനുഗ്രഹത്തിന് ശുക്ർ ചെയ്യുമ്പോഴും നന്ദി എന്ന നിലയിൽ അല്ലാഹുവിനോട് ഇനിയും കൂടുതൽ അടുക്കാൻ ശ്രമിക്കുമ്പോഴും നമ്മുടെ നമസ്കാരത്തിന്റെയും ആരാധനയുടെയും സംരക്ഷണം ആദ്യത്തേക്കാൾ കൂടുതൽ നിർവ്വഹിക്കുമ്പോഴുമാണ്. അനുഗ്രഹത്തിനുള്ള ഈ നന്ദിപ്രകടനം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വർദ്ധിപ്പിക്കുന്നതായിരിക്കും. സത്യവിശ്വാസികൾക്ക് ഖിലാഫത്ത് നല്കുമെന്ന് അല്ലാഹു ഖുർആനിൽ വാഗ്ദാനം ചെയ്തിട്ടുള്ളിടത്ത് തുടർന്ന് ***അഖീമുസ്സ്വലാത്ത വ ആത്തുസ്സഖാത്ത വ അത്വീഉർറസൂല ലഅല്ലക്കും തുർഹമൂൻ*** എന്ന് പറഞ്ഞിരിക്കുന്നു. നിങ്ങളിൽ കരുണ ചെയ്യുന്നതിന്, നിങ്ങളെല്ലാവരും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും ഈ റസൂലിനെ പിൻപറ്റുകയും ചെയ്യുക. ഖിലാഫത്തിന്റെ

അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാൻ നമസ്കാരം നിലനിർത്തുക എന്നത് ഒന്നാമത്തെ നിബന്ധനയാണെന്ന് ഈ വചനം വിളിച്ചോതുന്നു. പുരുഷന്മാരും സ്ത്രീകളും കുട്ടികളുമൊക്കെ തങ്ങളുടെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാൻ ഞാൻ ശക്തിയായി പറയുന്നത്, നിങ്ങൾക്ക് കിട്ടിയിരിക്കുന്ന ഈ സമ്മാനത്തിൽ നിന്ന് നിങ്ങൾ ഏറ്റവും കൂടുതൽ ഫലമെടുക്കാൻ വേണ്ടിയാണ്. അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണിത്. നബി(സ) തിരുമേനിയുടെ പ്രവചനവുമുണ്ട്. അതനുസരിച്ച് ഈ ഖിലാഫത്തിന്റെ പരമ്പര എന്നെന്നും നിലനില്ക്കുന്നതാണ്. പക്ഷേ, ഇതിൽനിന്ന് ഫലമെടുക്കുന്നത് തങ്ങളുടെ ആരാധനാകർമ്മങ്ങൾ കൊണ്ട് അല്ലാഹുവുമായിട്ട് സജീവബന്ധമുണ്ടാക്കുന്നവരാണ്. ഞാനോതിയ വചനത്തിൽ അല്ലാഹു പറയുന്നു, നമസ്കാരം നിലനിറുത്തുകയും, ആരാധനയിലൂടെ അവനുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിനോടൊപ്പം സാമ്പത്തിക ത്യാഗം ചെയ്യേണ്ടതും നിങ്ങൾക്ക് നിർബ്ബന്ധമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാമ്പത്തികത്യാഗത്തിൽ ഘാന ജമാഅത്ത് ദ്രുതഗതിയിൽ മുന്നോട്ടു ഗമിക്കുന്നു. ഓർമ്മിപ്പിക്കേണ്ട ആവശ്യം എന്തായാലും ഉണ്ടായിക്കൊണ്ടിരിക്കും. അങ്ങനെ ഓർമ്മിപ്പിക്കുമ്പോഴെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ല പ്രതികരണമുണ്ടാകുന്നു. പക്ഷേ, യുവാക്കൾക്കും പുതിയതായി ജമാഅത്തിൽ പ്രവേശിക്കുന്നവർക്കും വേണ്ടി ഞാൻ പറയാനാഗ്രഹിക്കുകയാണ്, ജമാഅത്തിൽ സാമ്പത്തികത്യാഗത്തിന്റെ വ്യവസ്ഥിതി അല്ലാഹുവിന്റെ കല്പനപ്രകാരം സ്വന്തം ആത്മാവിന്റെ ശുദ്ധീകരണത്തിനു വേണ്ടിയിട്ടുള്ളതാണ്. വിശുദ്ധഖുർആനിൽ മറ്റിടങ്ങളിൽ സക്കാത്തിനു പുറമെ, മറ്റ് സാമ്പത്തികത്യാഗങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്; ആത്മാവിന്റെ പരിഷ്കരണത്തിനുവേണ്ടിയിട്ടാണ് ഇത് വെച്ചിട്ടുള്ളത്. അല്ലാഹുവിനു വേണ്ടി ത്യാഗംചെയ്യുന്നവർ അല്ലാഹുവിൽ ദൃഢവിശ്വാസമുള്ളവരാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യുന്ന ഒരു നന്മയും ഒരു കർമ്മവും അല്ലാഹു പാഴാക്കുകയില്ല. ഞാൻ അല്ലാഹുവിന് ശുക്ർ ചെയ്യുകയാണ്. നിങ്ങളും അവന് ശുക്ർ ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ധനത്യാഗം ചെയ്യാൻ അവൻ ഘാനാ ജമാഅത്തിന് തൗഫീഖ് നല്കിയിരിക്കുന്നു. ആത്മാർത്ഥരും സാമ്പത്തികമായി കഴിവുള്ളവരുമായ ചില അഹ്മദികൾ വലിയ വലിയ പള്ളികൾ നിർമ്മിച്ചിരിക്കുന്നു. ഭൗതികനായ ഒരുവന്റെ കൈയിൽ പണം വരുമ്പോൾ അവൻ സ്വന്തം വീട് നിർമ്മിക്കാനും വ്യർത്ഥമായ കാര്യങ്ങളിൽ പണം ചെലവഴിക്കാനുമാണ് ശ്രമിക്കുന്നത്. പക്ഷേ, ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു, ഖാദിയാനിൽ നിന്ന് ആയിരക്കണക്കിന് മൈൽ ദൂരെ ആത്മാർത്ഥരായ ആളുകളെ നല്കിയിരിക്കുകയാണ്. അവരുടെ ഹൃദയങ്ങളെ തന്റെ ദീനിനുവേണ്ടി ധനത്യാഗം ചെയ്യാൻ അല്ലാഹു തുറന്നു വെച്ചിരിക്കുന്നു.

അതിനാൽ പുതിയതായി ജമാഅത്തിൽ ചേരുന്ന അഹ്മദികളും യുവാക്കളും സാമ്പത്തികത്യാഗം അല്ലാഹുവിന്റെ കല്പനകളിലുള്ള ഒരു കല്പനയാണെന്ന കാര്യം എപ്പോഴും ഓർക്കുക. ഖിലാഫത്തിന്റെ അനുഗ്രഹത്തോടൊപ്പം അല്ലാഹു അത് പ്രത്യേകമായി എടുത്തുപറഞ്ഞിരിക്കുന്നു. പിന്നീട് റസൂലിനെ പിൻപറ്റാനും അല്ലാഹു പറഞ്ഞു. അല്ലാഹുവിന്റെ കാരുണ്യത്തിന് അർഹരാകാൻ വേണ്ടിയാണിത്. റസൂലിന്റെ കല്പന എന്നു പറയുന്നത് അല്ലാഹുവിന്റെ കല്പന തന്നെയാണ്. അത് അല്ലാഹു വിശുദ്ധഖുർആനിൽ പലയിടത്തും ***അത്വീഉല്ലാഹ വ അത്വീഉർ റസൂല*** എന്നു പറഞ്ഞുകൊണ്ട് സ്മരിച്ചിരിക്കുന്നു. പരിശുദ്ധമായ സമൂഹത്തിന്റെ സ്ഥാപനത്തിനായി, തന്നെ ആരാധിക്കാനും താൻ ഖുർആനിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും അനുസരിച്ച് പ്രവർത്തിക്കാനും അല്ലാഹു കല്പിച്ചിട്ടുണ്ട്. ***അത്വീഉർറസൂൽ*** എന്നതിൽ വരാനിരിക്കുന്ന മസീഹും മഹ്ദിയും, നബി(സ) കൊണ്ടുവന്ന ശരീഅത്തനുസരിച്ച് യഥാർത്ഥമായ നിലയിൽ പ്രവർത്തിക്കുന്നവരും പ്രവർത്തിപ്പിക്കുന്നവരുമായിരിക്കുമെന്നുമുണ്ട്. അദ്ദേഹം ഹക്കമും അദലും- നീതിമാനായ വിധികർത്താവായിരിക്കും. അദ്ദേഹം നിങ്ങളോട് കല്പിക്കുന്നതെന്തും നീതിപൂർവ്വമായിരിക്കും. അദ്ദേഹത്തിന്റെ ഓരോ കല്പനയും യുക്തിഭദ്രമായിരിക്കും. അതുകൊണ്ട് ഇക്കാര്യങ്ങളെ നിസ്സാരമായി കാണരുത്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) തുറന്ന നിലയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിലൊന്നിനെ കുറിച്ച് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്.

അത് യുവാക്കളും യുവതികളുമായി ബന്ധപ്പെട്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അഹ്മദീ പെൺകുട്ടികൾ അഹ്മദി ആൺകുട്ടികളുമായി മാത്രമേ വിവാഹം കഴിക്കാവൂ എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നു. വരും തലമുറ അഹ്മദിയ്യത്തിൽ ഉറച്ചുനില്ക്കുന്നതിനു വേണ്ടിയാണിത്. കുട്ടി രണ്ട് വഞ്ചിയിൽ കാൽ വയ്ക്കുമ്പോൾ എന്ത് ചെയ്യണമെന്ന് അവനറിയുന്നില്ല. പിതാവ് അഹ്മദിയ്യല്ലെങ്കിൽ- പിതാവിന്റെ സ്വാധീനമാണ് സാധാരണ കുട്ടികളിൽ കൂടുതലായി ഉണ്ടാകുന്നത്- ഉമ്മ അഹ്മദിയാണെങ്കിൽത്തന്നെ കുട്ടി ചിലപ്പോൾ അഹ്മദിയായിരിക്കില്ല. എന്നല്ല രണ്ടുപേരുടേയും മതം വിഭിന്നമായതുകൊണ്ട് ചിലപ്പോൾ മതത്തിൽനിന്നുതന്നെ അവൻ അകന്നുപോകാറുണ്ട്. അഹ്മദീ യുവാക്കൾ അഹ്മദി യുവതികളെ വിവാഹം കഴിക്കേണ്ടതാണ്. കാരണം അന്യരുമായി വിവാഹം നടത്തുമ്പോൾ അഹ്മദി സ്ത്രീകളെ അവരുടെ അവകാശത്തിൽനിന്ന് തടയുകയാണ് ചെയ്യുന്നത്. ഇവിടെയും രണ്ടുതരത്തിലുള്ള പ്രവണതയുണ്ടാകുകയും കുട്ടികളെ അത് ബാധിക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾക്ക് നല്കിയിരി

ക്കുന്ന അനുഗ്രഹങ്ങളിൽ നിങ്ങളുടെ കുട്ടികളെ നില നിർത്താൻ ആഗ്രഹിക്കുന്നെങ്കിൽ സ്വന്തം ഇഷ്ടം മാത്രം നോക്കാതെ, ദീനിനെ നോക്കുക.

എനിക്ക് പല പെൺകുട്ടികളും കത്തെഴുതാറുണ്ട്. ഇവിടെനിന്നും മറ്റ് ആഫ്രിക്കൻ രാഷ്ട്രങ്ങളിൽനിന്നും. ഞങ്ങൾ ഇഷ്ടപ്പെടുന്ന ബന്ധം അന്യരിലാണെന്നും എന്നാൽ, അവരുമായി വിവാഹം കഴിക്കുന്നത് ശരിയാണോ എന്ന് അങ്ങ് പറഞ്ഞുതരിക എന്നും അവർ പറയുന്നു. ഈ കുട്ടികൾ ചോദിക്കുന്നതിന്റെ അർത്ഥം അവരുടെ ദീൻ അവരുടെ ഇഷ്ടത്തേക്കാൾ കൂടുതൽ അവർക്ക് പ്രിയപ്പെട്ടതാകുന്നു എന്നാണ്. ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കണമെന്ന അടിസ്ഥാനപരമായ കാര്യം നിങ്ങളോർമ്മിക്കുവോളം നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹം പ്രാപിച്ചുകൊണ്ടേയിരിക്കും. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളുമാകും.

അഹ്മദിയ്യാ ഖിലാഫത്തിന് നൂറുവർഷം തികയുന്ന ഈ അവസരത്തിൽ അല്ലാഹുവിന്റെ തൃപ്തിയെ ഏറ്റവും മുന്തിച്ചുനിറുത്തുമെന്ന് ഓരോ അഹ്മദിയും പ്രതിജ്ഞ ചെയ്യുക. അല്ലാഹുവിനെ ആരാധിക്കുന്നതിനും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും കഴിവിന്റെ പരമാവധി ശ്രമിക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത അനുസരണപ്രതിജ്ഞ നിറവേറ്റാൻ ശ്രമിക്കുമെന്നും പ്രതിജ്ഞ ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“ആകയാൽ, എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി സ്വയം കണക്കാക്കുന്ന അല്ലയോ ജനസാകല്യമേ, ഭയഭക്തിയുടെ വഴിയിൽ ചരിക്കുമ്പോൾ മാത്രമേ സത്യമായും എന്റെ ജമാഅത്തിൽപ്പെട്ടവരായി ദൈവസന്നിധിയിൽ നിങ്ങൾ എണ്ണപ്പെടുകയുള്ളൂ. നിങ്ങളുടെ അഞ്ചു നേരനമസ്കാരം നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ഭയത്തോടും ഭക്തിയോടും ആദരവോടും കൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പിനെ അല്ലാഹുവിനുവേണ്ടി സത്യസന്ധതയോടെ പൂർത്തിയാക്കുക. സക്കാത്ത് നൽകാൻ അർഹനായിട്ടുള്ള ഓരോ ആളും സക്കാത്ത് നൽകട്ടെ; ആർക്ക് ഹജ്ജ് നിർബന്ധമാണോ തടസ്സങ്ങളൊന്നുമില്ലെങ്കിൽ അവൻ ഹജ്ജ് ചെയ്യട്ടെ. നന്മകൾ ശരിയായ രൂപത്തിൽ അനുഷ്ഠിക്കുകയും തിന്മകളെ അറപ്പോടെ വിട്ടൊഴിയുകയും ചെയ്യുവിൻ! ഭക്തിശൂന്യമായ യാതൊരു കർമ്മവും ദൈവത്തിന്റെ അടുക്കലോളം എത്തുകയില്ലെന്ന് നിങ്ങൾ ദൃഢമായും ഓർത്തുകൊള്ളുവിൻ!”

വീണ്ടും പറയുന്നു. “നിങ്ങൾ സന്തോഷിക്കുക. സന്തോഷംകൊണ്ട് തുള്ളിച്ചാടുക. അല്ലാഹു നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾ സത്യസന്ധതയിലും വിശ്വാസത്തിലും ഉറച്ചുനിന്നാൽ, മലക്കുകൾ നിങ്ങൾക്ക് പഠിപ്പിച്ചുതരുന്നതാണ്. ദൈവികമായ സമാധാനം നിങ്ങളിൽ ഇറങ്ങുന്നതാണ്. പരിശുദ്ധാത്മാവ് മുഖേന നിങ്ങൾ സഹായിക്കപ്പെടുന്നതാണ്. അല്ലാഹു ഓരോ കാൽവയ്പിലും നിങ്ങളോടൊപ്പമുണ്ടാകും. ആർക്കും നിങ്ങളെ അതിജയിക്കാൻ കഴിയില്ല.”

അല്ലാഹു എപ്പോഴും നമ്മെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുമാറാകട്ടെ. അവനെ ആരാധിക്കുന്നവരാക്കി നിലനിർത്തുകയും അവന്റെ അനുഗ്രഹം നമുക്ക് നല്കിക്കൊണ്ടിരിക്കുകയും ചെയ്യുമാറാകട്ടെ. നാം എപ്പോഴും അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി നിലനില്ക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 18.4.2008 at Baghe Ahmad, Ghana.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala